രാഷ്ട്രപതി ബെൽജിയവും ടർക്കിയും ഔദ്യോഗികമായി സന്ദർശിക്കുന്നു

(2-8 ഒക്ടോബർ 2013)

ഒക്ടോബർ 01, 2013

ഇന്ത്യയുടെ പ്രധാനമന്ത്രി ശ്രീ പ്രണബ് മുഖർജി നാളെ മുതൽ അഞ്ചാം തീയതി (ഒക്ടോബർ 2-5, 2013 ), വരെ ഔദ്യോഗികമായി ബെൽജിയം സന്ദർശിക്കും. ബെൽജിയം രാജാവിന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം . ഇതാദ്യമായാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി ബെൽജിയം സന്ദർശിക്കുന്നത് .

ആദരണീയനായ ഫിലിപ്പെ രാജാവും രാഷ്ട്രപതിയും ചേർന്ന് 'യൂറോപ്പെലിയ - ഇന്ത്യ 2013-2014 ' ഉദ്ഘാടനം ചെയ്യും.

ബെൽജിയം സന്ദര്ശൈച്ചതിന് ശേഷം രാഷ്ട്രപതി ഒക്ടോബർ അഞ്ചു മുതൽ ഏഴു വരെ ഔദ്യോഗികമായി ടർക്കി സന്ദർശിക്കും . ടർക്കി പ്രസിഡണ്ടിന്റെ ക്ഷണം സ്വീകരിച്ചാണ് സന്ദർശനം .

ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി മൂന്നിലും ആയിരത്തി തൊള്ളായിരത്തി തൊണ്ണൂറ്റി എട്ടിനും ശേഷം ഇത് മൂന്നാം തവണയാണ് ഒരു ഇന്ത്യൻ രാഷ്ട്രപതി ടർക്കി സന്ദർശിക്കുന്നത് .

മന്ത്രിമാർ , ഉന്നത ഉദ്യോഗസ്ഥർ , വിദ്യാഭ്യാസസ്ഥാപനങ്ങൾ , സർവകലാശാലകള് എന്നിവിടങ്ങളിലെ മുതിർന്ന പ്രതിനിധികൾ എന്നിവരടങ്ങുന്ന ഒരു ഉന്നതതല പ്രതിനിധി സംഘം ഈ രണ്ടു സന്ദർശനത്തിലും രാഷ്ട്രപതിക്കൊപ്പം ഉണ്ടാകും .

ന്യൂ ഡെൽഹി

ഒക്ടോബർ 01, 2013